കുഞ്ചൻ നമ്പ്യാരുടെ ജൻമഗൃഹം

1242 [2222] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാകവി കുഞ്ചൻ നമ്പ്യാരുടെ ജൻമഗൃഹം എന്നാണ് ഏറ്റെടുത്തത്; ഏറ്റെടുത്തതിനുശേഷം ഗൃഹത്തിന്റെ അറ്റകുറ്റപ്പണികൾക്ക് 7-7-1986 വരെ എന്തു ചെലവായി;

(ബി) ഇവിടെ എന്തെല്ലാം വികസന പദ്ധതികളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; ജൻമഗൃഹം നന്നാക്കി ഒരു ഓഡിറ്റോറിയം പണിയാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിനായി എന്തു ചെലവുവരും; ഈ വർഷംതന്നെ മേൽപ്പറഞ്ഞ പണികളും നടത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 4-5-1978-ൽ ഏറ്റെടുത്തു. 7-7-1986 വരെ അറ്റകുറ്റപ്പണികൾക്കായി 27,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി), (സി) സർക്കാർ നിയമിക്കുന്ന മാനേജ്മെന്റ് കമ്മിറ്റിയാണ് കുഞ്ചൻ സ്മാരകത്തിന്റെ ഭരണം നടത്തുന്നത്. കലക്ഷൻ വേതനത്തോടനുബന്ധിച്ചുള്ള 70 സെന്റ് സ്ഥലം കൂടി വാങ്ങി അവിടെ ഒരു ഓഡിറ്റോറിയം നിർമ്മിക്കുക, ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുക, തുള്ളൽ അദ്ധ്യാപനത്തിനു വേണ്ട പ്രോത്സാഹനം നൽകുക, ലൈബ്രറി സ്ഥാപിക്കുക എന്നീ വികസന പരിപാടികൾ മാനേജ്മെന്റ് കമ്മിറ്റി വിഭാവനം ചെയ്തിരിക്കുന്നു. ഇവയ്ക്കെല്ലാംകൂടി ഏകദേശം ഏഴുലക്ഷം രൂപ ചെലവു വരുമെന്ന് പ്രതീക്ഷിക്കുന്നു. കുഞ്ചൻ നമ്പ്യാർ സ്മാരകത്തിൽ ഒരു ഹാളും കുളിമുറിയും കക്കൂസും നിർമ്മിക്കുന്നതിനായി സ്മാരക കമ്മിറ്റി ആവശ്യപ്പെട്ടതനുസരിച്ച് 55,000 രൂപ 7-3-83-ൽ സർക്കാർ നൽകുകയുണ്ടായി. എന്നാൽ മാനേജ്മെന്റ് കമ്മിറ്റി, അവ ഇതുവരേയും നിർമ്മിച്ചിട്ടില്ല. ആയത് ഒരു വർഷത്തിനകം നിർമ്മിക്കണമെന്ന് 18-4-1986-ൽ പ്രത്യേക നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്. അതുകൊണ്ട് ഒരു പുതിയ ഓഡിറ്റോറിയം കൂടി നിർമ്മിക്കുന്നത് പ്രായോഗികമല്ല. വാർഷിക ചെലവിനായി ആണ്ടുതോറും 30,000 രൂപ ഗ്രാന്റായി മാനേജ്മെന്റ് കമ്മിറ്റിക്ക് നൽകുന്നുണ്ട്. കൂടുതൽ തുക ഇപ്പോൾ നൽകാൻ സാമ്പത്തികസ്ഥിതി അനുവദിക്കുന്നില്ല. ഗ്രാന്റു തുകയിൽനിന്നും കമ്മിറ്റിക്ക്, സ്മാരകത്തിന്റെ അറ്റകുറ്റപ്പണികളും ചെയ്യിക്കാവുന്നതും മറ്റ് അത്യാവശ്യ കാര്യങ്ങളും നടപ്പിലാക്കാവുന്നതുമാണ്.

അർണ്ണോസ് പാതിരിയുടെ വസതി സംരക്ഷിക്കാനുള്ള നടപടി

1243 [2223] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർണ്ണോസ് പാതിരിയുടെ മേലൂരിലുള്ള വസതി ഗോഡൗൺ ആക്കിയ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഭവനം ഗവൺമെന്റ് ഏറ്റെടുത്ത് സംരക്ഷിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അർണ്ണോസ് പാതിരിയുടെ മേലൂരിലുള്ള വസതി ഗോഡൗൺ ആക്കിയെന്ന പത്രവാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സാമ്പത്തികമായ ബുദ്ധിമുട്ടുകളാൽ ഇപ്പോഴം ആലോചനയിലില്ല.

ടെലഫോൺ എക്സ്ചേഞ്ചുകളുടെ വികസനത്തിനാവശ്യമായ ഭൂമി

1244 [2224] ശ്രീ. ഇ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമായ സ്ഥലം ലഭിക്കാത്തതുകൊണ്ട് ടെലഫോൺ എക്സ്ചേഞ്ചുകളുടെ വികസനം മുടങ്ങിക്കിടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ ഭൂമി ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭൂമി ലഭ്യമാക്കുന്നതിനാവശ്യമായ സത്വര നടപടികളം സ്വീകരിക്കുന്നുണ്ട്.

വടക്കാഞ്ചേരി റെയിൽവേ ഓവർബ്രിഡ്ജ്

1245 [2225] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി ഓവർബ്രിഡ്ജ് പണിയുന്നതിനുള്ള നടപടികളം എന്തായി എന്ന് വ്യക്തമാക്കാമോ;

(ബി) പണി നടത്തുന്നതിന് തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ അതിന് എത്രാമത്തെ മുൻഗണനയാണ് കൊടുത്തിരിക്കുന്നത്?

ഉത്തരം

(എ) റെയിൽവേയുടെ 1987-88 വാർഷിക വർക്സ് പ്രോഗ്രാം അനുസരിച്ച് കോസ റേറ് ഷെയറിംഗ് പദ്ധതി പ്രകാരം കേരളത്തിലെ ഏഴു ഓവർബ്രിഡ്ജുകളുടെ പണി ഏറ്റെടുക്കണമെന്ന് സംസ്ഥാന സർക്കാർ 1986 മേയ് 20-ാം തീയതി റെയിൽവേ അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഓവർബ്രിഡ്ജുകളുടെ കൂട്ടത്തിൽ വടക്കാഞ്ചേരി ഓവർബ്രിഡ്ജും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ഏഴു പാലങ്ങളുടേയും പ്ലാനും എസ്റ്റിമേറ്റും മറ്റും തയ്യാറാക്കി റെയിൽവേയുടെ തീരുമാനം അറിഞ്ഞതിനുശേഷം സംസ്ഥാന ബഡ്ജറ്റിൽ വേണ്ട തുക ഉൾപ്പെടുത്തിക്കഴിഞ്ഞാൽ മാത്രമേ പ്രസ്തുത പാലത്തിന്റെ പണി ആരംഭിക്കുകയുള്ളു.

(ബി) 1984-ൽ കേന്ദ്ര സർക്കാരിനു സമർപ്പിച്ച ഓവർബ്രിഡ്ജുകളുടെ മുൻഗണനാ പട്ടികയിൽ പ്രസ്തുത പാലം 21-ാമത്തേതാണ്. 1987-88-ലെ റെയിൽവേയുടെ വാർഷിക വർക്സ് പ്രോഗ്രാമനുസരിച്ച് നിർമ്മിക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ള ഏഴു പാലങ്ങളിൽ റോഡുകളും പാലങ്ങളും വിഭാഗത്തിൽപ്പെട്ട അഞ്ചു പാലങ്ങളിൽ 3-ാമത്തേതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly